മലയോര കുടിയേറ്റ മേഖലയിലെ കർഷകർ ഉൾപ്പെടെയുള്ള പട്ടിണി പാവങ്ങൾക്ക് വളരെ അനുകൂലമായിട്ടുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. തീർച്ചയായും ഇക്കാര്യത്തിൽ അനുകൂലമായ ഒരു മറുപടിയുണ്ടാകണമെന്ന് സവിനയം ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താമരശ്ശേരിയിൽ ഒരു മുൻസിഫ് കോടതി വേണമെന്നുള്ള ശ്രീ. സി. മോയിൻകുട്ടിയുടെ ആവശ്യം തികച്ചും ന്യായമാണ്. പക്ഷെ അത് എങ്ങനെവേണമെന്നുള്ള കാര്യത്തിലാണ് ഒരു തീരുമാനം വേണ്ടത്. ഹൈക്കോടതി തന്ന ലിസ്റ്റിൽ ഇത് 21-ാമത്തെ ഐറ്റമായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ പുതുതായി ഹൈക്കോടതി ഒരു നിർദ്ദേശം ഗവൺമെന്റിന്റെ മുൻപിൽ വച്ചിട്ടുണ്ട്. അങ്ങുകൂടി അംഗീകരിക്കുകയാണെങ്കിൽ അത് ഉടനെ അനുവദിക്കാം. അതായത് താമരശ്ശേരിയിൽ രണ്ട് ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേട്ട് കോടതികളുണ്ട്. പക്ഷെ അവിടത്തെ ആളുകളെല്ലാം സമാധാനപ്രിയർ ആയതുകൊണ്ട് അടിപിടി കേസുകൾ വളരെ കുറവാണ്. അപ്പോൾ ഹൈക്കോടതി പറഞ്ഞിരിക്കുന്ന ഒരു നിർദ്ദേശം രണ്ടിൽ ഒരു ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേട്ട് കോടതി II-നെ കൺവെർട്ട് ചെയ്ത് മുൻസിഫ് മജിസ്ട്രേട്ട് കോടതിയാക്കാമെന്നാണ്. ഹൈക്കോടതി ഗവൺമെന്റിന് തന്നിരിക്കുന്ന നിർദ്ദേശമാണ്. അത് അംഗീകരിക്കുകയാണെങ്കിൽ ഉടനെതന്നെ അത് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. സി. മോയിൻകുട്ടി: ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി രണ്ടെണ്ണം ഒന്നിച്ചാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അതിന്റെ സാദ്ധ്യതകൾ അങ്ങ് പരിശോധിച്ച് വളരെവേഗം ഈ കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: സബ്മിഷൻ ഇന്ന് ആർക്കും അനുവദിക്കില്ലെന്ന് തീരുമാനിച്ചതാണ്. പക്ഷെ അടിയന്തിരമായ ഒരു കാര്യം ബഹുമാനപ്പെട്ട ഡോ. എം. എ. കുട്ടപ്പൻ എഴുതിത്തന്നിട്ടുണ്ട്. കടൽ വെള്ളം കയറിയത് സംബന്ധിച്ചാണ്. അതുകൊണ്ട് ഒരു മിനിറ്റ് അനുവദിക്കുകയാണ്.

V. സബ്മിഷൻ

എറണാകുളം ജില്ലയിലെ ചെല്ലാനത്തും ഇടവനക്കാടും കടൽഭിത്തി നിർമ്മാണം

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇന്നലെ രാത്രി ഏതാണ്ട് പതിനൊന്നര പന്ത്രണ്ട് മണിയോടുകൂടി എറണാകുളം ജില്ലയുടെ തീരപ്രദേശമായ വൈപ്പിനിൽ കടൽ കയറുകയുണ്ടായി. കഴിഞ്ഞ പ്രാവശ്യം സുനാമിയുണ്ടായപ്പോൾ ഇടവനക്കാട് അഞ്ചുപേർ മരിച്ചതാണ്. ആലപ്പുഴ ജില്ലയിലും കൊല്ലം ജില്ലയിലും

LIBRARY ARCHIVES Kerala Legislative Assembly

കടൽഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പണം അനുവദിക്കുകയുണ്ടായി. എന്നാൽ എറണാകുളം ജില്ലയിലാകട്ടെ ചെല്ലാനത്ത് ആയാലും കൊള്ളാം ഇടവനക്കാട് ആയാലും കൊള്ളാം കടൽഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി ഒരു പൈസപോലും കൊടുക്കുകയുണ്ടായിട്ടില്ല. പൊളിഞ്ഞഭാഗത്തു കൂടിയാണ് വെള്ളം കയറിയിരിക്കുന്നത്. അതുകൊണ്ട് അടിയന്തിരമായി കടൽഭിത്തി കെട്ടാനുള്ള സഹായം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. അടിയന്തിര ആശ്വാസ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കടൽവെള്ളം കയറി ഇവിടെ കുറേയധികം നാശനഷ്ടങ്ങൾ ഉണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുനാമി അപകടം വന്നതിനുശേഷം കടൽഭിത്തി കെട്ടാനായിട്ട് സുനാമി അഫക്ടഡ് ആയിട്ടുള്ള ഏരിയ നിശ്ചയിച്ച കൂട്ടത്തിൽ ഇടവനക്കാട് പഞ്ചായത്തും ഉൾപ്പെടും. അവിടത്തെ നിലവിലുള്ള കടൽ ഭിത്തി റിപ്പയർ ചെയ്യുന്നതിനും പുതിയ സ്ഥലത്ത് കെട്ടുന്നതിനും അടിയന്തിരമായിട്ടുള്ള നടപടി സ്വീകരിക്കുന്നതാണ്.

VI (a). ക്രമപ്രശ്നം

മന്ത്രിമാർ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: ചട്ടപ്രകാരം ഇന്ന് അനൗദ്യോഗികാംഗങ്ങളുടെ ദിവസമാണ്. അത് നമ്മൾ വേപ് ചെയ്തുകൊണ്ടാണ് ഗവൺമെന്റ് കാര്യങ്ങൾക്കായി മാറ്റിവച്ചത്. ഇന്ന് ചോദ്യോത്തരവേളയിൽ അഞ്ച് മന്ത്രിമാർപോലും സഭയിൽ ഇല്ലായിരുന്നു എന്നുള്ളത് ദൗർഭാഗ്യകരമാണ്. മന്ത്രിമാരുടെ എണ്ണം നോക്കിയാൽ മൂന്നിലൊന്നുപോലും കാണുകയില്ല. അനൗദ്യോഗികാംഗങ്ങളുടെ അവകാശം മാറ്റിവച്ചിട്ട് ഇവിടെ മന്ത്രിമാർ ഇല്ല എന്ന് വരുന്നത് വളരെ ദൗർഭാഗ്യകരമാണ്. ഉദ്യോഗസ്ഥ ഗ്യാലറിയിൽ സീറ്റ് ഒഴിഞ്ഞു കിടക്കുന്നു എന്ന് നമ്മൾ മുറവിളി കൂട്ടുമ്പോൾ ഈ കാര്യം ഗൗരവമായി പരിശോധിക്കേണ്ടതാണ്. മുഖ്യമന്ത്രി ഇത് സീരിയസ്സായിട്ട് എടുക്കണം. ചോദ്യോത്തരവേളയിൽ ഇവിടെ അഞ്ച് മന്ത്രിമാർപോലും ഉണ്ടായിരുന്നില്ല എന്നത് നിസാരമായ കാര്യമല്ല എന്നത് മുഖ്യമന്ത്രി കാണണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം, ഗവൺമെന്റിന്റെ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതിൽ സഹകരിക്കുന്ന അംഗങ്ങളോടും നിയമസഭയോടും കാണിക്കുന്ന അനാദരവാണിത്. അതുകൊണ്ട് ഇത് സംബന്ധിച്ച് ഒരു വ്യക്തമായ റൂളിംഗ് വേണം.

മി. സ്പീക്കർ: നമുക്ക് പന്ത്രണ്ടരമണിക്ക് ഇന്ന് അവസാനിപ്പിക്കേണ്ടതാണ് ഒരു പ്രത്യേക സാഹചര്യത്തിൽ ഇന്ന് മൂന്ന് കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്. പിന്നെ ശ്രീ. ജയരാജൻ പറഞ്ഞ കാര്യം അത് ഞാൻ മന്ത്രിമാരുടെ സൻമനസ്സിന് വിട്ടുകൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly